സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – 2024–25 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 3701/20/Est-1** നന്തൻകോട്, 23/03/2024

---

പരാമർശം :– 1) G.O(P) No. 23/2024/Fin dated 16-03-2024

2) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 20–03–2024 ലെ DA 252/24/E-1 നമ്പർ റിമാർക്സ്.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2024–25 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 4 വർഷത്തെ പരിബന്ധന കാലാവധിക്കു ശേഷമേ പിൻവലിക്കാവൂ എന്ന വ്യവസ്ഥയിൽ 01–04–2024 മുതൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് (പരാമർശം –1).

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2024–25 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിമാർക്സ് ലഭിച്ചു (പരാമർശം –2).

ആയത് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2024–25 സാമ്പത്തിക വർഷത്തെ ഏൺഡ് ലീവ് സറണ്ടർ ആനുകൂല്യം 4 വർഷത്തിനുശേഷമോ (31–03–2028 ന് ശേഷം) അല്ലെങ്കിൽ പ്രൊവിഡന്റ് ഫണ്ട് ക്ലോസ് ചെയ്യുമ്പോഴോ (ഏതാണോ ആദ്യം) മാത്രമേ പിൻവലിക്കാവൂ എന്ന വ്യവസ്ഥയിൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് അനുവദിക്കുന്നു.

(മറുപുറം)

* നിലവിൽ പ്രൊവിഡന്റ് ഫണ്ട് ആരംഭിച്ചിട്ടില്ലാത്ത ജീവനക്കാരുടെ ഏൺഡ് ലീവ് സറണ്ടർ അപേക്ഷ അംഗീകരിച്ച് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് ആരംഭിക്കുന്ന മുറയ്ക്ക് തുക നിക്ഷേപിക്കുന്നതിന് അനുവദിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK